## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6185 10.7.2012-ൽ മറുപടിയ്ക്ക്

**പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ | | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) | പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയത്; | എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | എത്ര മാത്രം വർദ്ധനവാണ് ഇതിലൂടെ നേടാനായി; | ബി) | 2009-10 വർഷത്തിലെ കണക്കനുസരിച്ച് പാലുല്പാദനം 25.37 ലക്ഷം ടൺ ആയിരുന്നത് 2011-12 വർഷത്തിൽ 27.19 ലക്ഷം ടൺ ആയി ഉയർത്തുവാൻ സാധിച്ചു. മുട്ട ഉല്പാദനം 2009-10 വർഷത്തിൽ 163.30 കോടി എണ്ണം ആയിരുന്നത് 2011-12 വർഷത്തിൽ 170.48 കോടി എണ്ണമായി ഉയർത്തുവാൻ സാധിച്ചു. മാംസ ഉല്പാദനം 2009-10 വർഷത്തിൽ 322 ആയിരം ടൺ എന്നത് 2011-12 വർഷത്തിൽ 543.226 ആയിരം ടൺ എന്നതിലേക്ക് ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. |
| സി) | ഈയിനത്തിൽ എത്ര രൂപാ ചിലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ? | സി) | ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 3790 ലക്ഷം രൂപ ചെലവഴിച്ചു. |

Seela

സെക്ഷൻ ഓഫീസർ

**അനുബന്ധം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി സംയോജിപ്പിച്ച് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എസ്.എൽ.ബി.പി. സ്കീം നടപ്പിലാക്കി.
കഴിഞ്ഞ സാമ്പത്തിക വർഷം കോഴി വളർത്തൽ കേന്ദ്രങ്ങളും കോഴി ഉല്പാദന വികസനവും എന്ന പദ്ധതിക്കായി 170 ലക്ഷം രൂപ വകയിരുത്തി.
100 % കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രാമീണ മേഖലയിൽ വീട്ടു പരിസരത്ത് കോഴി വളർത്തൽ വികസന പരിപാടിയുടെ നടത്തിപ്പിനായി 324 ലക്ഷം രൂപ ചെലവഴിച്ചു.
ആട് വളർത്തൽ കേന്ദ്രങ്ങളുടെ വികസനത്തിനായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി പദ്ധതി നടപ്പിലാക്കി.
ഊർജ്ജിത പന്നി വളർത്തൽ വികസന പരിപാടിയുടെ നടത്തിപ്പിനായി 56 ലക്ഷം രൂപ വകയിരുത്തി.
പ്രത്യേക കന്നുകാലി വികസന പദ്ധതിയുടെ നടത്തിപ്പിനായി 2011-12 വർഷത്തിൽ 940 ലക്ഷം രൂപ വകയിരുത്തി.
ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ മുട്ടയും, പാലും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1250 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി.
ഒറ്റത്തവണ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ മുട്ടയുടെയും, പാലിന്റെയും ഉല്പാദന വർദ്ധനയ്ക്കുള്ള പദ്ധതിയുടെ നടത്തിപ്പിനായി 1000 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കി.
കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ ( 2012-13) ഗ്രാമീണ മേഖലയിൽ വീട്ടു പരിസരത്ത് കോഴി വളർത്തൽ വികസന പരിപാടിയുടെ നടത്തിപ്പിനായി 400 ലക്ഷം രൂപ വകയിരുത്തി. (100% കേന്ദ്രാവിഷ്കൃതം).
ബാക്ക്യാർഡ് പൗൾട്രി ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ നടത്തിപ്പിനായി 1042 ലക്ഷം രൂപ വകയിരുത്തി.
പ്രത്യേക കന്നുകാലി വികസന പദ്ധതിയുടെ നടത്തിപ്പിനായി 2500 ലക്ഷം രൂപ വകയിരുത്തി.
കന്നുകാലി വളർത്തൽ കേന്ദ്രത്തിനായി 200 ലക്ഷം രൂപയും ആടു വളർത്തൽ കേന്ദ്രത്തിന് 30 ലക്ഷം രൂപയും പന്നി വളർത്തൽ കേന്ദ്രത്തിന് 70 ലക്ഷം രൂപയും മുയൽ വളർത്തൽ കേന്ദ്രത്തിന് 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

Seela
സെക്ഷൻ ഓഫീസർ.